# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 699** — **24/01/2018-ൽ മറുപടിയ്ക്ക്**

## കേരളാ ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളാ ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്.ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. . |
| (ബി) | ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളെയാണ് കേരളാ ബാങ്കിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | നിലവിലുള്ള ത്രിതല ഘടനയ്ക്ക് പകരം ദ്വിതല ഘടനയിൽ കേരള സംസ്ഥാന സഹകരണ ബാങ്കിനേയും ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ